# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4894** **22.05.2017-ൽ മറുപടിക്ക്**

## മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് വകുപ്പിലെ ഒഴിവുകൾ

**ചോദ്യം**

**ശ്രീ.പി.ഉബൈദുള്ള**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിലെ വിവിധ ഓഫീസുകളിൽ ആവശ്യമായ ജീവനക്കാരില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് - റോഡുകൾ, ബിൽഡിംഗ്സ്, ദേശീയ പാത എന്നീ വിഭാഗങ്ങളിലെ വിവിധ ഓഫീസുകളിൽ (സെക്ഷൻ, സബ്ഡിവിഷൻ, സർക്കിൾ) നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിവുകളും കാറ്റഗറി തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് വകുപ്പിനു കീഴിലെ ബിൽഡിംഗ്സ്, റോഡ്സ്, ദേശീയപാത വിഭാഗങ്ങളിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിവുകളും കാറ്റഗറി തിരിച്ച് അനുബന്ധമായി ചേർക്കുന്നു.

(സി) ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഏതെല്ലാം തസ്തികകളിൽ ഈ സർക്കാരിന്റെ കാലയളവിൽ നിയമനം നടത്തി;

(സി) പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ നിയമനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | - | 90 (സംസ്ഥാനതല നിയമനം) |
| 2 | രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - | 302 (സംസ്ഥാനതല നിയമനം) |
| 3 | ക്ലാർക്ക് | - | 7 (ജില്ലാതല നിയമനം) |
| 4 | ഓഫീസ് അറ്റൻഡന്റ് | - | 2 (ജില്ലാതല നിയമനം) |
| 5 | ടൈപ്പിസ്റ്റ് | - | 4 (ജില്ലാതല നിയമനം) |
| 6 | മൂന്നാം ഗ്രേഡ് ഓവർസിയർ | - | 700 (സംസ്ഥാനതല നിയമനം) |

| | |
|---|---|
| (ഡി) ആവശ്യമായ ജീവനക്കാരുടെ കുറവ് മൂലം എം.എൽ.എമാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ പോലും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) എങ്കിൽ ജില്ലയിലെ ഒഴിവുകൾ നികത്തുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (ഇ) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | തസ്തിക | നിലവിലുള്ള ജീവനക്കാരുടെ എണ്ണം | | | ഒഴിവുകളുടെ എണ്ണം | | |
|---|---|---|---|---|---|---|---|
| | | കെട്ടിടം | റോഡ്സ് | എൻ.എച്ച് | കെട്ടിടം | റോഡ്സ് | എൻ.എച്ച് |
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | 1 | 1 | | | |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 4 | 4 | 3 | | | |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 15 | 14 | 8 | 3 | 2 | 4 |
| 4 | ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | 6 | 12 | 4 | | 2 | |
| 5 | രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | 10 | 16 | 8 | 3 | 1 | 2 |
| 6 | മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | 39 | 35 | 6 | | | |
| 7 | ഡിവിഷണൽ അക്കൗണ്ടന്റ് | 1 | 1 | | | | |
| 8 | ജൂനിയർ സൂപ്രണ്ട് | 1 | 1 | 2 | | 1 | |
| 9 | ഹെഡ് ക്ലാർക്ക് | 4 | 5 | 2 | | | |
| 10 | ക്ലാർക്ക് | 26 | 31 | 19 | 2 | 2 | 1 |
| 11 | ടൈപ്പിസ്റ്റ് | 5 | 7 | 4 | | 1 | 2 |
| 12 | ഓഫീസ് അറ്റൻഡന്റ് | 23 | 24 | 4 | | | |
| 13 | വാച്ചർ കം ഗാർഡ്നർ | 1 | 1 | | | | |
| 14 | വാച്ചർ | 2 | 5 | 1 | | | |
| 15 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | | | 1 | | | |
| 16 | ഡ്രൈവർ | 4 | | 3 | | | |
| 17 | പാർട്ട് ടൈം സ്വീപ്പർ | 4 | 8 | | | | |
| 18 | ലൈൻമാൻ | 9 | | | 4 | | |
| | ആകെ | 155 | 165 | 66 | 12 | 9 | 9 |

സെക്ഷൻ ഓഫീസർ